പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. : 2166 — 10-10-2011 - ൽ മറുപടിയ്ക്ക്

## മണ്ണൂട്ടാംപാറ ഡാം

| ചോദ്യം<br>ശ്രീ.കെ.എൻ.എ.ഖാദർ | മറുപടി<br>ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) 1957-ൽ സ്ഥാപിതമായ വള്ളിക്കുന്ന് മണ്ഡലത്തിലെ മണ്ണൂട്ടാംപാറ ഡാം ദ്രവിച്ച് നശിച്ചുകൊണ്ടിരിക്കുന്നതും അതിന്റെ ഷട്ടറുകളും മറ്റും ഉപയോഗശൂന്യമായിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) അനേകായിരം കൃഷിക്കാർക്ക് ജലസേചനത്തിനും ഉപ്പുവെള്ളം തടഞ്ഞുനിർത്തുവാനും കുടിവെള്ളത്തിനും പ്രയോജനപ്പെട്ടിരുന്ന ഈ അണക്കെട്ട് പുനരുദ്ധരിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (ബി) കേടുവന്ന ഷട്ടറുകൾ അടിയന്തിരമായി മാറ്റുന്നതിനു വേണ്ടി 12,00,000/- (പന്ത്രണ്ട് ലക്ഷം) രൂപയുടെ സാമ്പത്തികാനുമതിയും ഭരണാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തി നടപ്പാക്കുന്നതിന് വേണ്ടി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) ഇവിടെ ഒരു പുതിയ ഡാം പണിയുവാൻ നടപടി സ്വീകരിക്കുമോ ? | (സി) ബഡ്ജറ്റിൽ തുക ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ